## ഗൂഢനീക്കങ്ങൾ കരുതിയിരിക്കുക

**'തബ്‌ലീഗ്** ജമാഅത്ത് നേതൃത്വത്തോട്' എന്ന തലക്കെട്ടിൽ എ.ആർ അഹ്‌മദ് ഹസൻ മാഹി എഴുതിയ കത്താണ് (ലക്കം 13) ഇത് എഴുതാൻ പ്രേരണ. *അൽബലാഗ്* മാനേജിംഗ് എഡിറ്ററെ ഉദ്ധരിച്ചുകൊണ്ട് ആഗസ്റ്റ് 13 *ഇന്ത്യാ ടുഡെ*യിൽ വന്ന പരാമർശങ്ങൾ, *അൽബലാഗി*ന്റെ ആധികാരികമായ അറിവോടെയോ ഉത്തരവാദിത്വത്തിലോ അല്ല. കഴിഞ്ഞ പത്തു വർഷമായി 'അൽ കൗസർ ഉലമാ കൗൺസിൽ' എന്ന പണ്ഡിത സംഘടനയുടെ മുഖപത്രമായിട്ടാണ് *അൽബലാഗ്* പ്രസിദ്ധീകരിക്കുന്നത്. അത് മറ്റൊന്നിന്റെയും പ്രസിദ്ധീകരണവുമല്ല. ദയൂബന്ദ് ഉലമാക്കളുടെ ഇസ്‌ലാമിക പ്രവർത്തനങ്ങളെയും നിലപാടുകളെയും മാതൃകയാക്കിക്കൊണ്ടും അവരുടെ ആധികാരിക രചനകൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുമാണ് *അൽബലാഗ്* പുറത്തിറങ്ങുന്നത്. മറ്റു പ്രസ്ഥാനങ്ങളെയും സംഘടനകളെയും വിമർശിക്കലും പരസ്പര വൈര്യത്തിലും സംഘട്ടനത്തിലും ഏർപ്പെടലും അൽ കൗസർ ഉലമാ കൗൺസിലിന്റെയും അതിന്റെ മാത്രം പ്രസിദ്ധീകരണമായ *അൽബലാഗി*ന്റെയും ലക്ഷ്യമല്ല. എല്ലാവരുമായി നന്മയിൽ സഹകരിക്കലും തിന്മയിൽ നിസ്സഹകരിക്കലുമാണ് അതിന്റെ വഴി.

പറഞ്ഞതും പറയാത്തതുമായ കാര്യങ്ങൾ കൂട്ടിക്കുഴച്ച് ഇസ്‌ലാമിക സംഘടനകളെ പരസ്പരം തെറ്റിക്കാൻ ആസൂത്രിതമായ ഗൂഢ നീക്കങ്ങൾ നടത്തുന്ന പ്രസിദ്ധീകരണങ്ങളെ സമുദായവും നേതൃത്വവും തിരിച്ചറിയണം.

**എ.പി.എസ്.കെ**
**അമ്പാഴത്തിങ്ങൽ, ഈരാറ്റുപേട്ട**

# പരിഹസിക്കുന്നവർക്ക് മനസ്സിലാകാത്തത്

**കേരളത്തിലെ** മുസ്‌ലിം സംഘടനകളുടെ പ്രബോധന പ്രവർത്തനങ്ങളെ അപ്പടി ആക്ഷേപിച്ചുകൊണ്ട് ഈയിടെ *തേജസ്* ദ്വൈവാരികയിൽ ഒരു ലേഖനം വന്നു. ഇസ്‌ലാമിക പ്രബോധനത്തിന് അത്ര വലിയ പ്രാധാന്യമൊന്നും ഇല്ലെന്നായിരുന്നു ലേഖകന്റെ വാദം. ജമാഅത്തെ ഇസ്‌ലാമിയടക്കമുള്ള മുസ്‌ലിം സംഘടനകൾ തങ്ങളുടെ പ്രസിദ്ധീകരണങ്ങളിലൂടെ തെറ്റായ ഈ വാദത്തിന് ശക്തമായ മറുപടി നൽകി. വിഷമസന്ധിയിലായ എൻ.ഡി.എഫ് നേതൃത്വം തങ്ങളുടെ എതിർപ്പിന്റെ മുന ജമാഅത്തെ ഇസ്‌ലാമിക്ക് നേരെ തിരിച്ചുവെക്കുകയും ജമാഅത്തിന്റെ പ്രബോധന പ്രവർത്തനശൈലിയോട് വിയോജിപ്പുള്ള പലരെയും അവരുടെ പ്രസിദ്ധീകരണത്തിൽ അണിനിരത്തുകയും ചെയ്തു.

പ്രഭാഷണങ്ങൾ, പുസ്തക വിതരണം, സ്‌കോഡ് വർക്കുകൾ എന്നിവയെല്ലാം ഇസ്‌ലാമിക പ്രബോധനത്തിൽ പ്രാധാന്യമുള്ള കാര്യങ്ങളാണ്. ഇസ്‌ലാമിനെ വ്യക്തിജീവിതത്തിൽ പൂർണമായി പകർത്തുകയും വ്യക്തിപരമായ സഹവാസത്തിലൂടെയും സംഭാഷണങ്ങളിലൂടെയും ഇസ്‌ലാമിക പ്രബോധനം നടത്തുകയും ചെയ്യുന്നത് ഇതിലേറെ പ്രാധാന്യമുള്ള കാര്യമാണ്. ഒരു സമൂഹത്തെ മുഴുവൻ സാംസ്‌കാരികമായും രാഷ്ട്രീയമായും ആത്മീയമായും ഇസ്‌ലാമിക മൂല്യങ്ങളിൽ വാർത്തെടുക്കുകയും ഇസ്‌ലാമിനെ സമ്പൂർണമായി പ്രതിനിധീകരിക്കുന്ന ഒരു സമുദായത്തെ വളർത്തിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ബോധനശൈലി. ഇതിൽ ഒടുവിൽ പറഞ്ഞ ശൈലിക്കാണ് ഇസ്‌ലാമിക പ്രസ്ഥാനം കൂടുതൽ ഊന്നൽ നൽകുന്നത്. എന്നാലും ഒരു ചെറിയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് പരിമിതികളുണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ടുതന്നെ മറ്റു മുസ്‌ലിം സംഘടനകളുടെ പ്രവർത്തനങ്ങളെ തങ്ങളുടെ പ്രവർത്തനങ്ങൾക്ക് അനുപൂരകങ്ങളായി ജമാഅത്ത് കാണുന്നു. ഇസ്‌ലാമികമായി തെളിവുകളുള്ള ഒരു ശൈലിയെയും ജമാഅത്ത് തള്ളിക്കളയുന്നില്ല.

ആരോപണങ്ങളുന്നയിക്കാനും പരിഹസിക്കാനും എളുപ്പമുണ്ട്. സേവന പ്രവർത്തനങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവ നടത്തിയാൽ ആൾദൈവങ്ങളുടെയും ക്രൈസ്തവ മിഷനറിയുടെയും എൻ.ജി.ഒകളുടെയും ശൈലിയെന്ന് ആരോപിക്കാം. സാമൂഹിക, രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപെടലുകൾ നടത്തിയാൽ കക്ഷി രാഷ്ട്രീയക്കാരുടെ ശൈലിയെന്ന് പരിഹസിക്കാം. പ്രഭാഷണങ്ങൾ, പുസ്തക വിതരണം, സ്‌കോഡ് വർക്കുകൾ എന്നിവ നടത്തിയാൽ പെന്തക്കോസ്ത് സുവിശേഷ ശൈലിയെന്ന് കുറ്റപ്പെടുത്താം. ആരോപണങ്ങളുയർത്താനല്ല, പ്രവർത്തിക്കാനാണ് പ്രയാസം.

എങ്കിലും വിമർശനങ്ങൾക്ക് പ്രസക്തിയുണ്ട്. ജമാഅത്തിനേക്കാൾ ആത്മാർഥമായും സമഗ്രമായും ഇസ്‌ലാമിക പ്രബോധനം നടത്തുന്നുവെന്ന് ഉറച്ചു വിശ്വസിക്കുന്നവർക്ക് ആ ശൈലി തുടരാനും, മറ്റു ശൈലികളെ മാന്യമായി വിമർശിക്കാനും ഇസ്‌ലാമിൽ ന്യായങ്ങളുണ്ട്. വിമർശനങ്ങളിൽ സന്തുലിതത്വം പാലിക്കണമെന്നു മാത്രം. ഏതുതരം പ്രബോധനശൈലിയും ഫലിക്കാത്ത രൂപത്തിൽ സാമൂഹികാന്തരീക്ഷത്തെ കലുഷിതമാക്കുന്നതാണ് ഈയടുത്ത കാലത്ത് ചിലർ കൈക്കൊള്ളുന്ന സമീപനങ്ങൾ. അത്തരക്കാരുടെ വാദങ്ങൾക്ക് ശക്തി പകരുന്ന രീതിയിലാവരുത് പ്രബോധന ശൈലികളെക്കുറിച്ച സംവാദങ്ങൾ.

**ഹനീഫ് വളാഞ്ചേരി**

## ചുരുക്കെഴുത്ത്

**'ഉപനിഷത്തുകളിലെ** ആത്മാവ്' എന്ന കത്തിൽ (ലക്കം 12) ഉദ്ധരിച്ച കർമഫലം അനുഭവിക്കേണ്ടത് പരലോകത്താണെന്ന് സൂചിപ്പിക്കുന്ന കഠോപനിഷത്തിലെ 2,3 സൂക്തങ്ങൾ ഇപ്രകാരമാണ്:

നഃ സാംപരായ പ്രതിഭാതി ബാലം
<u>പ്രമാദ്യന്തം</u> വിത്തമോഹേന മൂഢം
<u>അയം</u> ലോകോ നാസ്തി-പര-ഇതിമാനി
പുനഃ പുനർവശമാപദ്യതേമേ.

അടിവരയിട്ട വാക്കുകൾ നഃധാംപരായ, പ്രവാദന്ത്യം എന്നിങ്ങനെ തെറ്റായാണ് അച്ചടിച്ചു വന്നത്.

**എം. കുഞ്ഞാലി**

**അബ്ദുല്ല** നദ്‌വി കുറ്റൂരിന്റെ 'വ്യക്തിത്വ വികാസത്തിന്റെ അടിത്തറകൾ' എന്ന ലേഖനം (ലക്കം 12) ശ്രദ്ധേയമാണ്. വ്യക്തിത്വം രൂപംകൊള്ളുന്നത് വ്യക്തിയുടെ വൈകാരികാവസ്ഥയെ ആശ്രയിച്ചാണ്. മനോഭാവങ്ങളും അതിനനുസൃതമായ പ്രവർത്തനങ്ങളുമാണ് ഒരാളുടെ വ്യക്തിത്വത്തിനു നിറം നൽകുന്നത്. ശാരീരികാകർഷകത്വമല്ല അന്തിമമായി വ്യക്തിത്വത്തെ നിർണയിക്കുക. വടിവൊത്ത ശരീരമുള്ള എത്ര പേരുണ്ട് മനോരോഗാശുപത്രികളിൽ!

**സിയാദ് എരുമേലി**

## കത്തുകൾ



# വിശകലനത്തിലെ പാളിച്ചകൾ

**'ഇസ്‌ലാമിക** പ്രസ്ഥാനങ്ങൾ പുതിയ സാഹചര്യത്തിൽ' എന്ന തുടർലേഖനം (ലക്കം 10-13) വിഷയത്തിന്റെ ആനുകാലികത കൊണ്ട് ശ്രദ്ധേയമായി. പക്ഷേ, അവതരണരീതിയിൽ സംഭവിച്ച ചില പാളിച്ചകൾ പരമ്പരയുടെ ഒന്നാം ഭാഗത്തിന്റെ നിറം കെടുത്തി. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ സാമൂഹിക പ്രശ്നങ്ങളിലെ ഇടപെടലുകളെക്കുറിച്ച് ലേഖകൻ എഴുതുന്നു: 'ജനകീയ പ്രസ്ഥാനങ്ങളായി രൂപാന്തരപ്പെടുന്നതിന്റെ ഭാഗമായി ഇന്ന് പൊതുസമൂഹത്തിന്റെ പ്രശ്നങ്ങളെ ഏറ്റെടുക്കുകയാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ' (പേജ് 20). ഈ വരികളിലൂടെ വായനക്കാരന് ലഭിക്കുന്ന സന്ദേശം, പൊതുപ്രശ്നങ്ങളിലുള്ള ഇടപെടലുകളെല്ലാം ജനകീയവത്കരണത്തിനുള്ള കുറുക്കുവഴിയാണെന്നാണ്. പൊതുസമൂഹത്തിന്റെ പ്രശ്നങ്ങൾ ഏറ്റെടുക്കുക എന്നത് എല്ലാകാലത്തും ഇസ്‌ലാമിന്റെ ദൗത്യവും ജൈവിക സവിശേഷതയുമായിരുന്നു. ഓരോ പ്രവാചകനും അവരവരുടെ കാലത്തെ അത്തരം സാമൂഹിക പ്രശ്നങ്ങൾ ഉയർത്തിക്കാട്ടിക്കൊണ്ടുതന്നെയാണ് പ്രബോധനദൗത്യം നിർവഹിച്ചിരുന്നത്. എന്നല്ല, സാമൂഹിക പ്രശ്നങ്ങളിലെ ഇടപെടലുകൾ പ്രബോധനം തന്നെയായിരുന്നു. തികച്ചും പ്രബോധന പ്രധാനമായ മക്കാ കാലഘട്ടത്തിന്റെ പരിമിതികൾക്കുള്ളിൽനിന്നു പോലും ആ കാലഘട്ടത്തിലെ മുഖ്യ സാമൂഹിക പ്രശ്നങ്ങളായ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരിലുള്ള അവകാശലംഘനങ്ങൾ, ദരിദ്രരുടെയും അനാഥരുടെയും പ്രശ്നങ്ങൾ തുടങ്ങിയവയിൽ ഇസ്‌ലാം സജീവമായി ഇടപെട്ടിരുന്നു. അതൊരു കുറുക്കുവഴിയായിരുന്നില്ല. മറിച്ച്, ഇസ്‌ലാമിന്റെയും സാഹചര്യത്തിന്റെയും തേട്ടം തന്നെയായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനങ്ങളാവട്ടെ, ചില സന്ദർഭങ്ങളിൽ ആദർശ ദൃഢീകരണത്തിൽ ശ്രദ്ധയൂന്നി, ചിലപ്പോൾ കലർപ്പില്ലാത്ത ആത്മീയത ഉയർത്തിപ്പിടിച്ചു, ചില ഘട്ടങ്ങളിൽ ഇസ്‌ലാമിന്റെ സമഗ്രത ഊന്നിപ്പറഞ്ഞു. സാധാരണക്കാർ നിസ്സഹായരും ചൂഷിതരുമായിത്തീർന്ന പുതിയ കാലഘട്ടത്തിൽ ജനസേവനം എന്നുള്ളത് ഇസ്‌ലാമിന്റെ സ്വാഭാവിക പ്രതികരണമാണ്.

ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ നയം മാറ്റങ്ങളുടെ കൂട്ടത്തിൽ, തീവ്രവാദപ്രസ്ഥാനമായ അൽജമാഅ അൽ ഇസ്‌ലാമിയ്യയെ ഉൾപ്പെടുത്തിയത് ശരിയായില്ല. തുനീഷ്യ, സിറിയ, ഈജിപ്ത്, ജോർദാൻ എന്നിവിടങ്ങളിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അവരുടെ മുൻഗണനാക്രമത്തിൽ വരുത്തിയ മാറ്റത്തിരുത്തലുകൾ ശരിയിൽനിന്നും കൂടുതൽ ശരിയിലേക്കുള്ള മാറ്റമായിരുന്നു. തീവ്ര-വിഘടിത ഗ്രൂപ്പായ അൽജമാഅയുടെ പശ്ചാത്തലത്തെയും പിൻമടക്കത്തെയും ഇതോടൊപ്പം എണ്ണിപ്പറയരുതായിരുന്നു. അനിസ്‌ലാമിക വ്യവസ്ഥകളിലെ മുസ്‌ലിം പൗരന്മാരുടെ അതിജീവനത്തെയും സംവാദത്തെയും കുറിച്ച പരാമർശവും വിശദീകരണമർഹിക്കുന്നു. സെപ്റ്റംബർ 11നു ശേഷം ഇത്തരം സമൂഹങ്ങളിലുണ്ടായിത്തീർന്ന നിസ്സഹായതാബോധത്തെത്തുടർന്നാണ് പൊതുസമൂഹത്തിലുൾച്ചേരണമെന്ന മതവിധികൾ ഉയരാൻ തുടങ്ങിയതെന്ന് ലേഖനത്തിൽ പറയുന്നു. ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാം അനുവർത്തിക്കുന്ന സമീപനത്തിന്റെ മികച്ച ഉദാഹരണമായി മദീനാ കരാറിനെ ലേഖകൻ പരാമർശിക്കുന്നുമുണ്ട്. പിന്നെ എന്തിനാണ് ഉൾച്ചേരലിന്റെ രാഷ്ട്രീയം, ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഊന്നിപ്പറയാൻ തുടങ്ങിയത് നിസ്സഹായത കൊണ്ടാണെന്ന് ലേഖകൻ ധ്വനിപ്പിക്കുന്നത്?

**എസ്.എ ഫിറോസ് കോതമംഗലം**

## ഉന്നത പോലീസിനെന്താ കൊമ്പുണ്ടോ?

**കള്ളസ്വാമി-വ്യാജ** സിദ്ധന്മാരുടെ കപട മുഖം പച്ചയായി അനാവരണം ചെയ്യപ്പെട്ടു തുടങ്ങിയപ്പോൾ നാമൊക്കെ പ്രതീക്ഷിച്ചു, ആത്മീയ കച്ചവടത്തിന്റെ കഥ കഴിഞ്ഞെന്ന്. വ്യാജന്മാരുടെ സങ്കേതങ്ങളിലേക്ക് രോഷാകുലരായി ചില വിപ്ലവ യുവസംഘടനകൾ ചീറിപ്പാഞ്ഞപ്പോൾ നാമൊക്കെ തെറ്റിദ്ധരിച്ചു, ഇവിടെ അത്ഭുതങ്ങൾ സംഭവിക്കുമെന്ന്!

ആൾദൈവങ്ങൾക്കും വ്യാജ സിദ്ധന്മാർക്കുമെതിരെ കർശന നടപടി എടുക്കാൻ സർക്കാർ പോലീസിനോട് നിർദേശിച്ചിരിക്കുന്നുവെന്നും അതത് പോലീസ് സ്റ്റേഷനുകളിൽ തത്സംബന്ധമായ വിവരങ്ങൾ രേഖാമൂലം നൽകാൻ ജില്ലാ പോലീസ് സൂപ്രണ്ട് ആവശ്യപ്പെട്ടിരിക്കുന്നുവെന്നും പത്രങ്ങളിൽ വാർത്ത വന്നു. പലരും 'ചികിത്സ' നിർത്തി നാടുവിടുകയും ചെയ്തു.

പിന്നീടെന്താണ് സംഭവിച്ചത്? ആൾദൈവങ്ങൾക്കെതിരെയുള്ള അന്വേഷണം പോലീസിലെ ചില ഉന്നതർതന്നെ അട്ടിമറിച്ചുവെന്ന പരിദേവനത്തോടെ സർക്കാർ കൈമലർത്തുന്നതാണ് നാം കാണുന്നത്. വ്യാജന്മാരുടെ കൊടും ചൂഷണത്തിനെതിരെ സർക്കാർ മെഷിനറി നടത്തിയ ഓപ്പറേഷന്റെ ദയനീയ പര്യവസാനം പാർട്ടി പത്രം അനാവരണം ചെയ്യുന്നതിങ്ങനെ: "പോലീസിലെ ചില ഉന്നതർ നേരിട്ടെത്തി സംരക്ഷണം നൽകാമെന്നേറ്റതോടെ മുങ്ങിയ പല സിദ്ധന്മാരും പൂർവാധികം ശക്തിയോടെ തിരിച്ചെത്തുകയും ചെയ്തു" (*ദേശാഭിമാനി* 3.8.08). സർക്കാർ നടപടികളെ തുരങ്കം വെക്കുന്ന പോലീസ് ഉന്നതന്മാരെ നിലക്ക് നിർത്താൻ സർക്കാറിന് കഴിയില്ലെങ്കിൽ, പിന്നെ ആർക്കാണ് സാധിക്കുക?

**റഹ്മാൻ മധുരക്കുഴി**

## പ്രബോധനം റമദാൻ ക്വിസ് – 2

(ഉത്തരങ്ങൾ അയക്കുന്നവർ കവറിന് മുകളിൽ 'റമദാൻ ക്വിസ്-2' എന്നെഴുതിയിരിക്കണം. ഉത്തരം കിട്ടേണ്ട അവസാന തീയതി സെപ്റ്റംബർ 22. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്)

1. സകാത്തിന് എട്ടവകാശികളാണുള്ളത്. തെളിവായ ആയത്ത് ഉദ്ധരിക്കുക.
2. ഇസ്‌ലാമിക സാഹോദര്യത്തിന്റെ അനിവാര്യോപാധിയായി സകാത്ത് പരാമർശിക്കുന്ന ആയത്ത്?
3. സ്വർണത്തിന് സകാത്ത് ബാധകമാവുന്ന നിസ്വാബ്?
4. അഞ്ച് ഊഖിയയിൽ കുറഞ്ഞ വെള്ളിക്ക് സകാത്ത് ബാധകമല്ല. ഒരു ഊഖിയ എത്ര ദിർഹമാണ്?
5. കച്ചവടത്തിൽ ധനത്തിന്റെ എത്ര ശതമാനം സകാത്ത് നൽകണം?
6. ധാന്യങ്ങളുടെയും പഴവർഗങ്ങളുടെയും സകാത്ത് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. തെളിവായി ഒരു ആയത്ത് ഉദ്ധരിക്കുക?
7. ജലസേചനം ചെയ്യാതെ മഴ ലഭിച്ചു വളർന്ന കാർഷികോൽപന്നത്തിന്റെ സകാത്ത് എത്ര?
8. രണ്ട് ആട് സകാത്തായി കൊടുക്കേണ്ടിവരിക എത്ര ആടുകളുണ്ടാവുമ്പോഴാണ്?
9. വൈക്കോലും തൊലിയും നീക്കി വൃത്തിയാക്കിയ ധാന്യത്തിന്റെ സകാത്ത് ബാധകമായ പരിധി എത്ര?
10. 'സകാത്ത് ധനികരിൽനിന്ന് പിടിച്ചെടുത്ത് ദരിദ്രർക്ക് വിതരണം ചെയ്യേണ്ടതാണ്' എന്ന് വ്യക്തമാക്കുന്ന ഹദീസിന്റെ ഭാഗം എടുത്തെഴുതുക?